**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4638** **29-10-2021 - ൽ മറുപടിയ്ക്ക്**

**പേരാമ്പ്ര മണ്ഡലത്തിലെ ജലജീവൻ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | Shri Roshy Augustine (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പേരാമ്പ്ര മണ്ഡലത്തിൽ ജലജീവൻ മിഷൻ പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾക്ക് പുതിയ വാട്ടർ കണക്ഷൻ നൽകിയെന്ന് വ്യക്തമാക്കാമോ; | (എ) | പേരാമ്പ്ര മണ്ഡലത്തിൽ ജല ജീവൻ മിഷൻ പദ്ധതിയിലൂടെ നൽകിയ കുടിവെള്ള കണക്ഷനുകളുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ക്രമ നം പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി നൽകിയ കണക്ഷനുകളുടെ എണ്ണം (20.10.2021 വരെ) 1 ചങ്ങരോത്ത് 210 2 ചക്കിട്ടപ്പാറ 12 3 കൂതാളി 274 ആകെ -- 496 |
| (ബി) | പ്രസ്തുത പദ്ധതിയുടെ പ്രയോജനം പൊതുജനങ്ങളിൽ എത്തിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | പദ്ധതിയുമായി ബന്ധപ്പെട്ട് കുടുംബശ്രീ വഴി ആളുകളെ തിരഞ്ഞെടുത്തു പരിശീലനം നൽകി ഫീൽഡ് ടെസ്റ്റ് കിറ്റ് ഉപയോഗിച്ച് കുടിവെള്ള സ്രോതസ്സുകളുടെ ഗുണനിലവാരം കണ്ടെത്തി ജനങ്ങളെ ബോധവൽക്കരിക്കുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു. കുടിവെള്ളത്തിന്റെ അളവും ഗുണനിലവാരവും സംരക്ഷണവും ഉറപ്പു വരുത്തുന്നതിന് എല്ലാവർക്കും പങ്ക് ഉണ്ടെന്ന് ജനങ്ങളെ ബോധവല്ക്കരിക്കുന്നതിനും പദ്ധതിയുടെ പ്രയോജനങ്ങളെകുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും വിവിധ എൻ.ജി.ഒ. കളെ പദ്ധതി നിർവ്വഹണ സഹായ ഏജൻസികളായി പഞ്ചായത്തുകളിൽ നിയോഗിച്ചിട്ടുണ്ട്. പെരുവണ്ണാമൂഴി ജലശുദ്ധീകരണ ശാലയിൽ നിന്നു പേരാമ്പ്ര പഞ്ചയത്തിലെ ചിലമ്പ് വളവിൽ ഉള്ള ജലസംഭരണിയിലേക്ക് ശുദ്ധജലമെത്തിക്കുന്ന പൈപ്പുകൾ കാലപ്പഴക്കം മൂലം നശിച്ചുപോയതിനാൽ അവ നവീകരിക്കുന്നതിന് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 18,22,70,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് . ഈ പ്രവർത്തി 02-04-2022 ഓടുകൂടി പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതു പൂർത്തിയാകുന്നതോടുകൂടി ജലജീവൻ മിഷൻ പദ്ധതിയിൻ കീഴിൽ പേരാമ്പ്ര മണ്ഡലത്തിൽ പുതിയ |

| | | | |
|---|---|---|---|
| | | | കണക്ഷനുകൾ നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ